# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1685 5/12/2014 ൽ മറുപടിയ്ക്ക്

## ഭക്ഷ്യവസ്തുക്കളിലെ അമിത കീടനാശിനി പ്രയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. റ്റി.യു കുരുവിള<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | ഭക്ഷ്യധാന്യങ്ങളിലേയും പഴം, പച്ചക്കറി എന്നിവയിലേയും അമിത കീടനാശിനി പ്രയോഗം മൂലം സംസ്ഥാനത്ത് ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ ക്രമാതീതമായി പടരുന്ന സാഹചര്യത്തിൽ വിഷവിമുക്ത ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) ഭക്ഷ്യധാന്യങ്ങളിലേയും പഴം, പച്ചക്കറി എന്നിവയിലേയും അമിത കീടനാശിനി പ്രയോഗം മുലം ഉണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് കൃഷി വകുപ്പ് കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി, ജൈവകീടനാശിനികൾ, ജൈവിക നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു. |
| (ബി) | ജൈവകൃഷി രീതി വ്യാപകമാക്കുന്നതിന് ബോധവല്ക്കരണവും മറ്റ് സഹായങ്ങളും കൃഷി ഭവനുകൾ വഴി നടപ്പാക്കുന്നത് കാര്യക്ഷമമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) ജൈവ കൃഷിയെക്കുറിച്ചുള്ള ബോധവല്ക്കരണത്തിനായി കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷകർ എന്നിവരെ ഉൾപ്പെടുത്തി ഒരു കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ